28
2021
ഡിസംബർ
ചൊവ്വ
ധനു 13

NAUTICAL TIMES
KERALA
The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 210 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-210 പേജ് 4. വില 2.00 രൂപ

02 മാധ്യമപ്രവർത്തനം മഹത്തരമായ തൊഴിൽ: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

03 11,000 കോടി രൂപയുടെ ജലവൈദ്യുത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും

04 കേരളത്തിൽ ഇന്ന് 1636 പേർക്ക് കോവിഡ്

സംസ്ഥാനത്ത് പുതുവത്സര ആഘോഷങ്ങൾക്ക് നിയന്ത്രണം

തിരുവനന്തപുരം: ഒമിക്രോൺ സാഹചര്യത്തിൽ സംസ്ഥാനത്ത് പുതുവത്സര ആഘോഷങ്ങൾക്ക് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. ഡിസംബർ 30 മുതൽ ജനുവരി രണ്ടുവരെ സംസ്ഥാനത്ത് രാത്രികാല നിയന്ത്രണമുണ്ടാകും. രാത്രി 10 മുതൽ പുലർച്ചെ അഞ്ച് വരെയാകും നിയന്ത്രണമുണ്ടാകുക.

വ്യാപര സ്ഥാപനങ്ങളെല്ലാം ഈ നാല് ദിവസങ്ങളിലും രാത്രി 10ന് അടയ്ക്കണം. ആളുകൾ കൂട്ടം കൂടുന്നതിനും ആഘോഷങ്ങൾക്കും നിയന്ത്രണമുണ്ടാകും. അനാവശ്യ യാത്രകൾ അനുവദിക്കില്ല. രാത്രികാല പട്രോളിംഗ് ശക്തമാക്കാനും നിയന്ത്രണം ലംഘിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കാനും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. നേരത്തെ സംസ്ഥാനത്തെ ആഡംബര ഹോട്ടലുകളിൽ പുതുവർഷത്തോടനുബന്ധിച്ച് നടത്തുന്ന ഡിജെ പാർട്ടികൾക്ക് നിയന്ത്രണം ഏർപ്പെടുത്താനും തീരുമാനിച്ചിരുന്നു. വലിയ തോതിൽ ലഹരിമരുന്ന് ഉപയോഗം നടക്കുമെന്ന ഇൻറലിജൻസ് വിവരത്തിൻറെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി. രാത്രി പത്തിന് ശേഷം പാർട്ടികളും അനുവദിക്കില്ല.

കൗമാരക്കാർക്ക് നൽകുക കോവാക്സിൻ; രജിസ്ട്രേഷൻ ജനുവരി ഒന്നു മുതൽ

ന്യൂഡൽഹി: രാജ്യത്ത് 15നും 18നും ഇടയിൽ പ്രായമുള്ള കൗമാരക്കാർക്ക് നൽകുക കോവാക്സിൻ. സൗജന്യമായിട്ടായിരിക്കും സർക്കാർ വാക്സിൻ നൽകുക. വാക്സിനേഷനുള്ള രജിസ്ട്രേഷൻ ജനുവരി ഒന്നു മുതൽ ആരംഭിക്കും.

2007നോ അതിന് മുമ്പോ ജനിച്ച കുട്ടികളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിൻ നൽകും എന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. ആധാർ കാർഡ് ഉപയോഗിച്ച് കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. ഓൺലൈൻ വഴി മാത്രമല്ല ഓഫ്ലൈൻ ആയും വാക്സിൻ കേന്ദ്രത്തിൽ എത്തി രജിസ്റ്റർ ചെയ്യാൻ സാധിക്കും. തിരിച്ചറിയൽ രേഖകളില്ലാത്തവർക്ക് സ്റ്റുഡൻറ് ഐഡി കാർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അതേസമയം രണ്ടാം ഡോസ് എടുത്തതിന് ശേഷം ഒൻപത് മാസം പൂർത്തിയായതിന് ശേഷമാണ് ബൂസ്റ്റർ ഡോസിന് വേണ്ടി രജിസ്റ്റർ ചെയ്യാൻ സാധിക്കുക. ഇതിന് വേണ്ടി നിലവിലുള്ള കോവിൻ അക്കൗണ്ട് ഉപയോഗിക്കാം.

ആരോഗ്യ സൂചികയിൽ കേരളം വീണ്ടും നമ്പർ വൺ; യുപി പിന്നിൽ

ന്യൂഡൽഹി: നീതി ആയോഗിൻറെ ആരോഗ്യ സൂചികയിൽ കേരളം ഒന്നാമത്. ലോക ബാങ്കിൻറെ സാങ്കേതിക സഹായത്തോടെ കേന്ദ്ര ആരോഗ്യ മന്ത്രാലയവും നീതി ആയോഗും ചേർന്ന് പുറത്തിറക്കുന്ന വാർഷിക ആരോഗ്യ സൂചികയിലെ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം വീണ്ടും ഒന്നാമതെത്തിയത്.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ആരോഗ്യ സംവിധാനങ്ങളുടെ കാര്യക്ഷമത, ആരോഗ്യ പദ്ധതികളുടെ ഫലപ്രാപ്തി എന്നിവ പരിശോധിക്കുക ആരോഗ്യ രംഗത്ത് സംസ്ഥാനങ്ങൾക്കിടയിൽ അഭികാമ്യമായ മത്സരബുദ്ധി പ്രോത്സാഹിപ്പിക്കുക, മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിൻറെ ആരോഗ്യ രംഗത്ത് ഉണ്ടായ മാറ്റങ്ങൾ അവലോകനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ആരോഗ്യ സൂചിക കൊണ്ട് ഉദ്ദേശിക്കുന്നത്.

ജനന, മരണ നിരക്കുകൾ ശിശുമരണ നിരക്കുകൾ മുതലായ ആരോഗ്യ സൂചികകളുടെ വിവരങ്ങൾ നൽകുന്ന സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം, സിവിൽ രജിസ്ട്രേഷൻ സിസ്റ്റം, ഹെൽത്ത് മാനേജ്മെൻറ് സിസ്റ്റം തുടങ്ങിയ സൂചികകളെയും ഉൾപെടുത്തിയാണ് ഓരോ സംസ്ഥാനങ്ങളുടെയും ആരോഗ്യ രംഗത്തെ സംബന്ധിക്കുന്ന ശരാശരി സൂചിക തയാറാക്കുന്നത്. ഇപ്പോൾ പുറത്തിറക്കിയ നാലാമത് ആരോഗ്യ സൂചികയിൽ മാതൃമരണ നിരക്ക്, പ്രസവ ശുശ്രൂഷ തുടങ്ങിയ മറ്റു ഘടകങ്ങളും ഉൾപെടുത്തിയിട്ടുണ്ട്. വലുപ്പം, ജനസംഖ്യ തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗിനും താരതമ്യം ചെയ്യലിനുമായി സംസ്ഥാനങ്ങളെ വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.

വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം, തമിഴ്നാട്, തെലുങ്കാന എന്നീ മൂന്നു സംസ്ഥാനങ്ങളാണ് ആരോഗ്യ രംഗത്തെ സമഗ്ര മേഖലകളിലും മികച്ച പ്രകടനം കാഴ്ച വെച്ചത്. മുഴുവൻ 19 സംസ്ഥാനങ്ങളുള്ള വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉത്തർപ്രദേശ് ഏറ്റവും ഒടുവിലാണ്. ബീഹാർ, മധ്യപ്രദേശ് സംസ്ഥാനങ്ങളാണ് യുപിക്ക് തൊട്ടു പിന്നിൽ. വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉത്തർപ്രദേശ് ഏറ്റവും പിന്നിൽ ആണെങ്കിലും മുൻ വർഷത്തെ അപേക്ഷിച്ച് ആരോഗ്യ രംഗത്ത് ആരോഗ്യ രംഗത്തുണ്ടായ പുരോഗതിയിൽ ഉത്തർപ്രദേശ് ഒന്നാം സ്ഥാനത്താണ്.

ഒന്ന്, രണ്ട് സ്ഥാനങ്ങളിലുള്ള കേരളവും തമിഴ്നാടും മുൻ വർഷത്തെ അപേക്ഷിച്ചുള്ള പുരോഗതിയിൽ യഥാക്രമം പന്ത്രണ്ടാം സ്ഥാനത്തും എട്ടാം സ്ഥാനത്തുമാണ്. സമഗ്ര മേഖലകളിലെ പ്രകടനത്തിനും മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള പുരോഗതിയിലും ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ച തെലുങ്കാന മൂന്നാം സ്ഥാനത്താണ്. രാജസ്ഥാൻ രണ്ടു മേഖലകളിലും മോശം പ്രകടനമാണ് കാഴ്ച വെച്ചതെന്നും റിപ്പോർട്ട് പറയുന്നു.

ചെറിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ മിസോറം, ത്രിപുര സംസ്ഥാനങ്ങളാണ് ഒന്നും രണ്ടും സ്ഥാനത്ത്. റാങ്കിംഗിൻറെ ക്രമത്തിൽ സിക്കിം, ഗോവ, മണിപ്പൂർ. അരുണാചൽ പ്രദേശ്, നാഗാലാൻഡ് സംസ്ഥാനങ്ങൾ പിന്നിൽ ഉണ്ട്. കേന്ദ്ര ഭരണ പ്രദേശങ്ങളിൽ ദാദ്ര, നാഗർ ഹവേലി, ഡാമൻ, ഡിയു ഒന്നാം സ്ഥാനത്തും ചണ്ഡിഗഡ് രണ്ടാം സ്ഥാനത്തുമാണ് ലക്ഷദ്വീപ്, പുതുച്ചേരി, ഡൽഹി, ജമ്മു കാശ്മീർ, ആൻഡമാൻ നിക്കോബാർ എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളാണ് റാങ്കിംഗിൻറെ ക്രമത്തിൽ പിന്നിലുള്ളത്.

കേന്ദ്ര ഭരണ പ്രദേശങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ആരോഗ്യ രംഗത്ത് മുന്നേറ്റം നടത്തിയതിൽ ഒന്നാം സ്ഥാനം ഡൽഹിക്കും രണ്ടും മൂന്നും സ്ഥാനങ്ങൾ ജമ്മു കാഷ്മീരിനും ലക്ഷദ്വീപിനുമാണ്.

പെട്രോളിലും ഡീസലിലും നായരുണ്ട്

സോമവിചാരം

ഇ.സോമനാഥ്

കഴിഞ്ഞ ദിവസം സുഹൃത്തിനൊപ്പം കൊല്ലത്തു പോയപ്പോൾ അദ്ദേഹം പെട്രോൾ അടിക്കാൻ കാർ പമ്പിൽ കയറ്റി.പമ്പിന്റെ പേര് അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. നയാരാ..(ചഅഥഅഞഅ.) ഹേ ; പെട്രോളിലും ഡീസലിലും നായരുണ്ടോ എന്നു ജാത്യാഭിമാനിയായ എന്റെ സന്തോഷം.സാമ്പാർപൊടിയിലും പുട്ടുപൊടിയിലും അച്ചാറിലുമെല്ലാം ഞാൻ ജാതി കണ്ടിട്ടുണ്ട്.എന്നാൽ ആദ്യമായാണ് വാഹന ഇന്ധനത്തിലും ജാതിയുണ്ടന്ന് തിരിച്ചറിഞ്ഞത്.ക്രിസ്ത്യാനിയായ സുഹൃത്ത് നായരുടെ പമ്പിൽ തന്നെ ഇന്ധനമടിക്കാൻ കാർ കയറ്റിയതിൽ സന്തോഷം തോന്നി.എന്തൊരു ഹൃദയവിശാലത..?

കൂടുതൽ അന്വേഷിച്ചപ്പോഴാണു സംഗതി കിരിയത്തു നായരും ഇല്ലത്തു നായരുമല്ലന്നു മനസ്സിലായത്.എന്നാലും ഇംഗ്ലീഷിൽ ചഅഥഅഞഅ എന്നെഴുതിയാൽ മലയാളി 'നായരാ' എന്നല്ലേ വായിക്കൂ. അന്വേഷണം തുടർന്നു.അപ്പോഴാ കമ്പനി നടത്തുന്നത് മേനോനും നായരുമൊന്നുമല്ലന്നു വ്യക്തമായത്.കമ്പനിയിൽ റഷ്യക്കാർക്കും ഇന്ത്യക്കാർക്കുമെല്ലാം പങ്കാളിത്തമുണ്ട്.ഗുജറാത്തിലെ വാദി നഗറിലാണു റിഫൈനറി.ഇന്ത്യൻ ഉടമകൾ ഗുജറാത്തികളാണോ എന്നറിയില്ല.എന്നാൽ ഗുജറാത്തിയുടെ ബിസ്സിനസ്സ് കൗശലം പേരിനു പിന്നീടു തോന്നി..പണ്ടു ഗജറാത്തിൽ പോയപ്പോൾ ഹൈവേയുടെ ഇരുവശത്തുമുള്ള ടയർ പഞ്ചർ ഒട്ടിക്കുന്ന ഒട്ടേറെ കടകൾ കണ്ടു.ബോർഡ് വായിച്ചപ്പോൾ എല്ലാം നായൻമാർ വഹ.. രാമൻനായരും ഗോപലൻനായരുമെല്ലാം തകൃതിയായി പഞ്ചറൊട്ടിക്കുന്നുണ്ട്.കൂട്ടത്തിൽ ചില ജോർജ്ജു നായരും കുര്യൻ നായരും പണി ചെയ്യുന്നുണ്ട്.ഒരു യതാർത്ഥ നായരെ കണ്ടപ്പോഴാണു കാര്യത്തിന്റെ ഗുട്ടൻസ് പിടി കിട്ടിയത്.ഗുജറാത്തിൽ പഞ്ചർ ഒട്ടിക്കൽ തുടങ്ങിയത് കേരളത്തിൽ നിന്നുമുള്ള നായൻമാരാണത്രേ.. കച്ചവടം പൊടിപൊടിക്കുന്നതു കണ്ടപ്പോൾ ചില ജോർജ്ജുമാരും ജോസഫുമാരും കുര്യൻമാരുമെത്തി.സ്വന്തം പേരിൽ ബോർഡ് വെച്ച് കടതുടങ്ങി. പക്ഷേ ഒരു ഗുജറാത്തിയും തിരിഞ്ഞു നോക്കുന്നില്ല. അല്ലറ ഗവേഷണവും ചില്ലറ ചാരപ്രവർത്തിയും നടത്തിയതോടെ കാര്യവും കാരണവും കണ്ടെത്തി. ആദ്യം വന്ന നായൻമാർ യതാർത്ഥ ഒട്ടിപ്പുകാരാണന്നും പിന്നീടു വന്ന ക്രിസ്ത്യാനികൾ പറ്റിപ്പ്,വെട്ടിപ്പ്,തട്ടിപ്പുകാരാണന്നും ഗുജറാത്തി സംശയിച്ചു.കേരളത്തിലെ നായൻമാരുടെ കുലത്തൊഴിൽ ടയർ പഞ്ചർ ഒട്ടിക്കലാണന്നും അവർ ആത്മാർത്ഥമായി വിസ്വസിച്ചു.നേരം ഇരുട്ടി വെളുക്കും മുമ്പ് ജോർജ്ജ്,ജോർജ്ജ് നായരും കുര്യൻ,കുര്യൻനായരുമായി.ബോർഡുകളിൽ നാലക്ഷരം കൂടി എഴുതിച്ചേർക്കേണ്ടി വന്നെന്നു മാത്രം.അതോടെ ബിസിനസ്സ് ഉത്തരോത്തരം പുഷ്ടിപ്പെട്ടു.

പഞ്ചർ ഒട്ടിക്കലിൽ നായർ വിദ്ഗ്ധനാണെങ്കിൽ പെട്രോളിലും ഡീസലിലും അവർക്കു മോശക്കാരനാകാൻ പറ്റുമോ എന്നായി ഗുജറാത്തിയുടെ ചിന്ത.അതിൽനിന്നായിരിക്കാം നയാരാ.. (NAYARA) എന്ന പെട്രോൾ കമ്പനിയുടെ പേരിന്റെ ഉത്ഭവം.തങ്ങളെ പറ്റിച്ച മലയാളിക്കു ഗുജറാത്തിയുടെ മധുരപ്രതികാരം. നയാരാ.. എന്ന പേരിന്റെ അർത്ഥം പ്രകാശം പരത്തുന്നവൾ എന്നല്ലാമാണന്നു ഗൂഗിൾ പറയുന്നു..എനിക്കു ഗൂഗിളിനെക്കാൾ വിശ്വാസം നാട്ടറിവുകളാണ്.അതുകൊണ്ടു മേലിലും പെട്രോൾ പമ്പിന്റെ പേർ 'നായരാ' എന്നേ ഞാൻ വായിക്കൂ.സമസ്ത കേരള നായൻമാർക്കും നൻമ വരട്ടെ.

വേലിയേറ്റം..

കൊല്ലത്ത് രാമൻകുളങ്ങരയിൽ പുതുതായി തുടങ്ങിയ എസ്സാറിന്റെ പെട്രോൾ ബങ്കിൽ കയറിയപ്പോഴാണ് നയാരാ (NAYARA) എന്ന റീ ബ്രാൻഡ് ചെയ്ത പേര് കണ്ടത്.കൊല്ലത്തു മാത്രം എസ്സാർ കമ്പനിയുടെ പതിനേഴിലധികം പമ്പുകൾ പ്രവർത്തനം തുടങ്ങിയിരിക്കുന്നു.അവടെയെല്ലാം പുതുവർഷത്തോടെ നയാരാ പ്രത്യക്ഷമാകും. പേര് നയാരാ ആയാലും, നയൻതാരയായാലും പെട്രോളിനും ഡീസലിനും ചില്ലറ വിലക്കുറവുള്ളതുകൊണ്ടു ഈ പമ്പുകളിൽ വണ്ടികളുടെ തള്ളിക്കയറ്റമുണ്ട്.

5ജി സേവനം അടുത്ത വർഷത്തോടെ; ആദ്യം ലഭ്യമാകുക 13 നഗരങ്ങളിൽ

ന്യൂഡൽഹി: 5ജി സേവനങ്ങൾ അടുത്ത വർഷത്തോടെ ലഭ്യമാകുമെന്ന് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്. നാല് മെട്രോ നഗരങ്ങൾ ഉൾപ്പെടെ 13 നഗരങ്ങളിലാണ് ആദ്യം സേവനം ലഭ്യമാകുകയെന്ന് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് ഔദ്യോഗിക പ്രസ്താവനയിൽ പറഞ്ഞു.

5ജി സേവനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്, ടെലികോം സേവന ദാതാക്കളായ ഭാരതി എയർടെൽ, റിലയൻസ് ജിയോ, വോഡഫോൺ ഐഡിയ എന്നിവ 5ജി ട്രയൽ സൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗുരുഗ്രാം, ബാംഗ്ലൂർ, കോൽക്കത്ത, മുംബൈ, ചണ്ഡീഗഡ്, ഡൽഹി, ജാംനഗർ, അഹമ്മദാബാദ്, ചെന്നൈ, ഹൈദരാബാദ്, ലക്നോ, പൂനെ, ഗാന്ധി നഗർ എന്നീ നഗരങ്ങളിലാണ് ട്രയൽ സൈറ്റുകൾ സ്ഥാപിച്ചത്. ഈ വലിയ മെട്രോ നഗരങ്ങളിലായിരിക്കും അടുത്ത വർഷം ആദ്യം 5ജി സേവനങ്ങൾ ലഭിക്കുകയെന്നും പ്രസ്താവനയിൽ പറയുന്നു.

2022 മാർച്ച്ഏപ്രിൽ മാസങ്ങളിൽ 5ജി സ്പെക്ട്രം ലേലം നടത്താൻ സർക്കാർ പദ്ധതിയിടുന്നുണ്ട്. ഈ വർഷം സെപ്റ്റംബറിൽ, കരുതൽ തുക, ബാൻഡ് പ്ലാൻ, ബ്ലോക്ക് വലുപ്പം, ലേലം ചെയ്യാനുള്ള സ്പെക്ട്രത്തിന്റെ അളവ് എന്നിവയുമായി ബന്ധപ്പെട്ട് സ്പെക്ട്രം ലേലത്തിന് ട്രായ് യോട് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് ശിപാർശ തേടിയിരുന്നു.

പെൺകുട്ടികൾ ജീവനൊടുക്കിയതെന്ന് സിബിഐയും; വാളയാർ കേസിൽ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: വാളയാർ പെൺകുട്ടികളുടെ മരണത്തിൽ സിബിഐ സംഘം കുറ്റപത്രം സമർപ്പിച്ചു. പാലക്കാട് പോക്സോ കോടതിയിലാണ് കുറ്റപത്രം നൽകിയത്. നിരന്തരമായ ശാരീരിക പീഡനത്തെ തുടർന്ന് സഹോദരിമാർ ജീവനൊടുക്കിയെന്ന് സിബിഐയും കുറ്റപത്രത്തിൽ പറ!യുന്നു. പെൺകുട്ടികളുടെ മരണത്തിൽ പോലീസ് പ്രതിചേർത്തവർ തന്നയാണ് സിബിഐ സമർപ്പിച്ച കുറ്റപത്രത്തിലും പ്രതികൾ. ആദ്യത്തെ പെൺകുട്ടിയുടെ മരണത്തിൽ വലിയ മധു എന്നു വിളിക്കുന്ന മധു, ഷിബു. മധു എന്നിവരും രണ്ടാമത്തെ കുട്ടിയുടെ മരണത്തിൽ വലിയ മധുവും പ്രായപൂർത്തിയാകാത്ത ആൺകുട്ടിയും പ്രതികളാണ്.

ബലാൽസംഗം, പോക്സോ, ആത്മഹത്യ പ്രേരണ എന്നിവയാണ് പ്രതികൾക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ. ഷിബുവെന്ന പ്രതിക്കെതിരെ എസ്സി/എസ്ടി വകുപ്പും ചുമത്തിയിട്ടുണ്ട്. തിരുവനതപുരം സിബിഐ യൂണിറ്റ് ഡിവൈഎസ്പി അനന്തകൃഷ്ണനാണ് റിപ്പോർട്ട് നൽകിയത്.

യുഡിഎഫ് വർഗീയ ധ്രുവീകരണം നടത്തുന്നു; രൂക്ഷ വിമർശനവുമായി മുഖ്യമന്ത്രി

തിരുവനന്തപുരം: വർഗീയ അജണ്ടകൾ ഏറ്റെടുത്ത് യുഡിഎഫ് വർഗീയധ്രുവീകരണം നടത്തുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ചെറിയ വിഷയങ്ങൾ പോലും ഇതിനായി അവർ ഉപയോഗിക്കുന്നുവെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി.

തീവ്രവാദികളുടെ കാഴ്ചപ്പാട് മുസ്ലീം ലീഗ് ഏറ്റെടുക്കുന്നു. കേരളത്തിൽ ഇനി വികസനം നടക്കാൻ പാടില്ലെന്ന നിഷേധാത്മക നിലപാടിലാണ് പ്രതിപക്ഷം. ജമാഅത്തെ ഇസ്ലാമിയും പ്രതിപക്ഷത്തിനൊപ്പമുണ്ട്.

ജമാ അത്തെ ഇസ്ലാമിയും പോപ്പുലർ ഫ്രണ്ടുമായി മുസ്ലീം ലീഗ് നേരത്തെ ധാരണയുണ്ടാക്കിയിരുന്നു. ഇപ്പോൾ അത് മാറി ഈ രണ്ട് സംഘടനകളുടേയും മുദ്രാവാക്യം മുസ്ലീം ലീഗ് ഏറ്റെടുക്കുകയാണ്. മുസ്ലീം ലീഗിൻറെ വർഗീയ നിലപാടുകൾക്കെതിരെ ആ പാർട്ടിയിലെ സമാധാന കാംക്ഷികളായവർ രംഗത്ത് വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദേശീയ പട്ടികജാതി കമ്മിഷൻ വൈസ് ചെയർമാൻ അരുൺ ഹാൽഡറിന്റെ വാർത്താ സമ്മേളനത്തിൽനിന്ന്

പട്ടികജാതി കമ്മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചു താഴേത്തട്ടിൽ ബോധവത്കരണം അനിവാര്യം: വൈസ് ചെയർമാൻ

ദേശീയ പട്ടികജാതി കമ്മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചു സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ജനവിഭാഗങ്ങൾക്കിടയിൽ ബോധവത്കരണം അനിവാര്യമാണെന്നു കമ്മിഷൻ വൈസ് ചെയർമാൻ അരുൺ ഹാൽഡെർ. രാജ്യത്തെ പട്ടികജാതി വിഭാഗങ്ങളുടെ അവകാശ സംരക്ഷണം ഉറപ്പാക്കാൻ കമ്മിഷൻ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് ഏകദിന സന്ദർശനത്തിനെത്തിയതായിരുന്നു അദ്ദേഹം. പട്ടികജാതി വിഭാഗങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ഭരണഘടനയുടെ 338ാം അനുച്ഛേദം കമ്മിഷനു ശക്തമായ അധികാരങ്ങളാണു നൽകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ അധികാരങ്ങൾ ശരിയായ രീതിയിൽ നിർവഹിക്കപ്പെടുന്നതിന് ജനങ്ങളുടെ പൂർണ പിന്തുണ ആവശ്യമാണ്. പരാതികൾ കൃത്യമായി കമ്മിഷനിലെത്തിക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകണം. വെള്ള പേപ്പറിൽ ഒരു പരാതി എഴുതി നൽകിയാൽ കമ്മിഷൻ നിശ്ചയമായും ശക്തമായ അന്വേഷണം നടത്തും. ഉന്നയിക്കുന്ന പരാതികളിൽ കഴമ്പുണ്ടെന്നു കണ്ടാൽ അറസ്റ്റ് അടക്കമുള്ള ശക്തമായ നടപടിയെടുക്കാൻ കമ്മിഷന് അധികാരമുണ്ട്. ഭൂപ്രശ്നങ്ങൾ, ക്രിമിനൽ കേസുകൾ തുടങ്ങിയവയും ജീവനക്കാരുമായി ബന്ധപ്പെട്ട കേസുകളുമാണു കേരളത്തിൽ അധികമുള്ളതെന്ന് കമ്മിഷൻ ചൂണ്ടിക്കാട്ടി.

ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾക്കെതിരേ ശക്തമായ നടപടിയുണ്ടാകണം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരുമായി ചേർന്നു പ്രവർത്തിക്കും. കേസുകളിൽ അതിവേഗത്തിൽ തീരുമാനമുണ്ടാകണം. പട്ടികജാതിക്കാർക്കായുള്ള ഫണ്ട് ദുരുപയോഗം തടയുന്നതിനും ശക്തമായ നടപടിയുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

കേരള ശാസ്ത്ര സാഹിത്യ അവാർഡുകൾ പ്രഖ്യാപിച്ചു

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയ 2020 ലെ കേരള ശാസ്ത്ര സാഹിത്യ അവാർഡുകൾ പ്രഖ്യാപിച്ചു. മലയാള സാഹിത്യത്തിലൂടെ ശാസ്ത്രവിഷയങ്ങളെ ജനകീയവത്ക്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്. ബാലശാസ്ത്ര സാഹിത്യത്തിനുള്ള 2020ലെ പുരസ്കാരം ഡോ. ലിസി മോൾ ഫിലിപ്പ്, ഡോ. ശബ്ന. എസ് എന്നിവർ പങ്കിട്ടു. ദന്ത ശുചിത്വവും ആരോഗ്യവും എന്ന കൃതിക്കാണ് കോട്ടയം സ്വദേശിയായ ഡോ. ലിസി മോൾ ഫിലിപ്പ് അവാർഡിന് അർഹയായത്. കൊച്ചു മാ കഥകൾ എന്ന കൃതിക്കാണ് കണ്ണൂർ സ്വദേശിയായ ഡോ. ശബ്ന എസ് അവാർഡിന് അർഹയായത്. ജനപ്രിയ ശാസ്ത്ര സാഹിത്യത്തിനുള്ള 2020ലെ പുരസ്കാരത്തിന് സി. റഹിം അർഹനായി. അദ്ദേഹത്തിന്റെ സലിം അലി ഇന്ത്യൻ പക്ഷി ശാസ്ത്രത്തിന്റെ പിതാവ് എന്ന കൃതിക്കാണ് അവാർഡ്. ആലപ്പുഴ മുതുകാട്ടുകര സ്വദേശിയാണ്. ശാസ്ത്ര പത്ര പ്രവർത്തനത്തിനുള്ള 2020 ലെ പുരസ്കാരത്തിന് ജിമ്മി ഫിലിപ്പ് അർഹനായി. ദീപികയിൽ പ്രസിദ്ധീകരിച്ച മരണവല വിരിച്ചു കാൻസർ എന്ന ലേഖനമാണ് അവാർഡിന് അർഹനാക്കിയത്. ശാസ്ത്ര ഗ്രന്ഥത്തിന്റെ മലയാള വിവർത്തനത്തിനുള്ള പുരസ്കാരം ഡോ. വിവേക് പൂന്തിയിൽ, ഡോ.ഡെന്നി തോമസ് എന്നിവർ പങ്കിട്ടു. കോസ്മോസ് എന്ന കൃതിക്കാണ് ഡോ വിവേക് പൂന്തിയിൽ അവാർഡിന് അർഹനായത്. വയനാട് സ്വദേശിയായ ഇദ്ദേഹം ജർമ്മനിയിൽ സയന്റിസ്റ്റാണ്. 21 ആം നൂറ്റാണ്ടിലേക്ക് 21 പാഠങ്ങൾ എന്ന കൃതിക്കാണ് ഡോ. ഡെന്നി തോമസ് അവാർഡിന് അർഹനായത്. ആലപ്പുഴ സ്വദേശിയായ ഇദ്ദേഹം ഓസ്ട്രേലിയയിലെ ലാട്രോബ് യൂണിവേഴ്സിറ്റി മെൽബണിൽ അദ്ധ്യാപകനാണ്. 50,000 രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

ലൈഫ് മിഷൻ: പൊതുസമൂഹത്തിന്റെ പങ്കാളിത്തമുറപ്പിക്കാൻ മനസ്സോടിത്തിരി മണ്ണ്

ഭൂഭവന രഹിതരുടെ പുനരധിവാസം ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ മൂന്നാംഘട്ടത്തിന് പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പിക്കാൻ മനസ്സോടിത്തിരി മണ്ണ് എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ ആരംഭിക്കുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. 2021 22 മുതലുള്ള മൂന്ന് വർഷം കൊണ്ട് ഏകദേശം 2.5 ലക്ഷം ഭൂരഹിതർക്ക് സ്ഥലം ലഭ്യമാക്കുക എന്ന വലിയ ലക്ഷ്യമാണ് സർക്കാരിന് മുന്നിലുള്ളത്. സർക്കാർ സംവിധാനത്തിലൂടെ മാത്രം ഇത് സാധ്യമാക്കാനാവില്ലെന്ന് കണ്ടാണ് പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പിക്കാൻ മനസ്സോടിത്തിരി മണ്ണ് എന്ന വിപുലമായ ക്യാമ്പയിൻ ആരംഭിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

മനസ്സോടിത്തിരി മണ്ണിന്റെ സംസ്ഥാനതല ഉദ്ഘാടനം 30ന് എറണാകുളം ടൗൺഹാളിൽ നടക്കും. 1000 ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ഒരാൾക്ക് പരമാവധി 2.5 ലക്ഷം രൂപ എന്ന നിലയിൽ 25 കോടി രൂപ ഗുണഭോക്താക്കൾക്ക് നൽകാനായി ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ മുന്നോട്ടുവന്നിട്ടുണ്ട്.

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ പ്രവാസിയായ സമീർ പി ബി അമ്പത് സെന്റ് സ്ഥലം ഇതിനായി വിട്ടുനൽകാൻ തയ്യാറായിട്ടുണ്ട്. പൊതുസമൂഹത്തിൽ നിന്നും ഉയർന്നുവന്ന ഈ അനുകരണീയ മാതൃകകൾക്ക് തുടർച്ചയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനതല ഉദ്ഘാടനത്തിന്റെ വേദിയിൽ ഭൂരഹിതരെ ചേർത്തുനിർത്താൻ സന്നദ്ധരായവർ ധാരണാപത്രം കൈമാറുമെന്ന് മന്ത്രി അറിയിച്ചു.

സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവർ മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിനിനോട് മികച്ച രീതിയിൽ പ്രതികരിക്കുമെന്നാണ് കരുതുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കേര സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചു

തെങ്ങുകയറ്റ തൊഴിലാളികൾ, നീര ടെക്നിഷ്യൻമാർ എന്നിവർക്കായി നാളികേര വികസന ബോർഡ് നടപ്പാക്കുന്ന കേര സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ പരിഷ്കരിച്ചു. പുതിയ പോളിസി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ അഞ്ചു ലക്ഷമാക്കി ഉയർത്തി. അപകട ഇൻഷ്വറൻസായി നടപ്പാക്കുന്ന പദ്ധതിയിൽ ഒരു ലക്ഷം രൂപ വരെയുള്ള ആശുപത്രി ചെലവുകളും ഉൾപ്പെടും. നാളികേര വികസന ബോർഡിന്റെ ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ പരിശീലനം, നീര ടെക്നിഷ്യൻ പരിശീലനം എന്നിവയിലുള്ളവർക്ക് ആദ്യ വർഷം പോളിസി സൗജന്യമായിരിക്കും. ഇക്കാലയളവിൽ പോളിസി തുകയായ 398.65 രൂപ ബോർഡ് വഹിക്കും. ഒരു വർഷമാണ് ഇൻഷ്വറൻസ് കാലാവധി. പോളിസിയെടുക്കുന്നതിനുള്ള അപേക്ഷകൾ കൃഷി ഓഫിസർ, പഞ്ചായത്ത് പ്രസിഡന്റ്, സി.പി.എഫ്. ഉദ്യോഗസ്ഥൻ, സി.പി.സി. ഡയറക്ടർമാർ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തി പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ചെയർമാൻ, നാളികേര വികസന ബോർഡ്, എസ്.ആർ.വി. റോഡ്, കേര ഭവൻ, കൊച്ചി എന്ന വിലാസത്തിൽ അയയ്ക്കണം. നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്തു മാറാവുന്ന 99 രൂപയുടെ ഡി.ഡിയും അപേക്ഷയ്ക്കൊപ്പം വയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് www.coconutboard.gov.in, 0484 2377266, എക്സ്റ്റൻഷൻ 255.

റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത മലബാർ ദേവസ്വം ബോർഡിലെ ക്ലർക്ക് (നേരിട്ടുള്ള നിയമനം, കാറ്റഗറി നമ്പർ: 41/2020), ക്ലർക്ക് (തസ്തിക മാറ്റം വഴിയുള്ള നിയമനം, കാറ്റഗറി നമ്പർ: 42/2020) എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ തിരുവനന്തപുരം ആയുർവേദ കോളേജിനു സമീപമുള്ള ഓഫീസിലും www.kdrb.kerala.gov.in ലും ലഭ്യമാണ്.

മിഷനറീസ് ഓഫ് ചാരിറ്റിയുടെ അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടില്ല; മമതയെ തള്ളി കേന്ദ്രം

കോൽക്കത്ത: മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയുടെ അക്കൗണ്ടുകൾ മരവിപ്പിച്ചെന്ന പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ആക്ഷേപം തള്ളി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. വിദേശ സംഭാവന സ്വീകരിക്കാനുള്ള അനുവാദമാണ് പുതുക്കി നൽകാത്തത്. മതിയായ രേഖകളില്ലാത്തതിനാൽ 25ന് അപേക്ഷ തള്ളിയെന്നും കേന്ദ്രം വ്യക്തമാക്കി.

മിഷനറീസ് ഓഫ് ചാരിറ്റിയുടെ അക്കൗണ്ടുകൾ കേന്ദ്ര സർക്കാർ മരവിപ്പിച്ചെന്ന് ട്വിറ്ററിലൂടെ മമത അറിയിച്ചിരുന്നു. നടപടി ഞെട്ടിക്കുന്നതാണെന്നും അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും മമത ട്വീറ്റ് ചെയ്തു. ഇതിന് പിന്നാലെയാണ് മമതയുടെ ആരോപണത്തെ തള്ളി കേന്ദ്രം രംഗത്തെത്തിയത്.

മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഗുജറാത്ത് ഘടകത്തിനെതിരേ മതപരിവർത്തനം ആരോപിച്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് കേന്ദ്ര നടപടിയുണ്ടായത്. മിഷനറീസ് ഓഫ് ചാരിറ്റിക്ക് കീഴിലുള്ള തൊഴിലാളികളും രോഗികളുമായ ഇരുപത്തിരണ്ടായിരത്തോളം പേർ മരുന്നും ഭക്ഷണവും ഇല്ലാതെ കഴിയുകയാണെന്നും മമത ട്വിറ്ററിൽ കുറിച്ചിരുന്നു.

സിൽവർലൈൻ തട്ടിക്കൂട്ടിയ പദ്ധതിയെന്ന് പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: സിൽവർലൈൻ തട്ടിക്കൂട്ടിയ പദ്ധതിയെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. പദ്ധതിയുടെ വിശദമായ രൂപരേഖ ഇപ്പോഴും രഹസ്യമാക്കി വച്ചിരിക്കുകയാണ്. പ്രതിപക്ഷം ഉന്നയിച്ച സംശയങ്ങൾക്ക് സർക്കാർ ഉത്തരം നൽകണമെന്നും സതീശൻ ആവശ്യപ്പെട്ടു.

സിൽവർലൈൻ വിഷയം പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചു. എന്നിട്ടും സർക്കാർ മറുപടി പറയാൻ തയാറല്ല. രണ്ടു മണിക്കൂർ ചർച്ച ചെയ്യാൻ പോലും സർക്കാർ സന്നദ്ധമായില്ല. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള അഞ്ചു പ്രധാന ചോദ്യങ്ങൾക്ക് പോലും മറുപടി പറയാൻ തയാറായിട്ടില്ല.

വിശദമായി പഠിച്ചശേഷമാണ് പ്രതിപക്ഷം പദ്ധതിയെ എതിർക്കുന്നത്. പ്രത്യേക സമിതിയെ നിയോഗിച്ച് പഠനം നടത്തി. യുഡിഎഫും ചർച്ച ചെയതാണ് നിലപാട് സ്വീകരിച്ചതെന്ന് അദ്ദേഹം വ്യക്തമാക്കി.

പദ്ധതിക്കെതിരെ ഇടതുപക്ഷ സഹയാത്രികർ പോലും ആശങ്കയുമായി രംഗത്തു വന്നിട്ടുണ്ട്. സിപിഐ അസിസ്റ്റന്റ് സെക്രട്ടറി പ്രകാശ് ബാബു പറഞ്ഞില്ലേ, പദ്ധതിയുടെ ഡിപിആർ പുറത്തുവിടണമെന്ന്. ജനങ്ങളുടെ ഉത്കണ്ഠയ്ക്ക് അടിസ്ഥാനമുണ്ടെന്നല്ലേ പ്രകാശ് ബാബു പറഞ്ഞത്.

സിപിഎം സഹയാത്രികരായ ശാസ്ത്രസാഹിത്യ പരിഷത്ത് പദ്ധതിക്കെതിരെ രംഗത്തു വന്നില്ലേ. ശാസ്ത്രസാഹിത്യപരിഷത്ത് മതതീവ്രവാദ സംഘടനയാണോ എന്ന് കോടിയേരി ബാലകൃഷ്ണൻ പറയട്ടെയെന്നും സതീശൻ ആവശ്യപ്പെട്ടു.

സിൽവർലൈനിൽ വരെ വർഗീയത കൊണ്ടുവന്ന് ചേരിതിരിക്കാൻ നോക്കുകയാണ്. ഇതെല്ലാം നാടകങ്ങളാണ്. വർഗീയത കലർത്തിയാൽ പ്രതിപക്ഷം രംഗം വിട്ടുപോകുമെന്ന് മുഖ്യമന്ത്രി കരുതേണ്ട. സിൽവർലൈനിൽ എന്ത് ജമാഅത്തെ ഇസ്‌ലാമി എന്ന് ചോദിച്ച പ്രതിപക്ഷ നേതാവ് യുഡിഎഫ് ആണ് സമരം പ്രഖ്യാപിച്ചിരിക്കുന്നതെന്ന് മുന്നറിയിപ്പും നൽകി.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന് ടോൾ ഫ്രീ നമ്പർ (1076)

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിൽ ബന്ധപ്പെടാൻ ഇനി മുതൽ 1076 എന്ന നാലക്ക ടോൾ ഫ്രീ നമ്പർ. 2022 ജനുവരി ഒന്നു മുതൽ പുതിയ നമ്പർ പ്രബല്യത്തിൽ വരും. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിലേക്ക് ബന്ധപ്പെടാൻ നിലവിൽ 1800 425 7211 എന്ന 11 അക്ക ടോൾ ഫ്രീ നമ്പറാണുള്ളത്. സംസ്ഥാനത്തിന് അകത്ത് ലാൻഡ് ലൈനിൽ നിന്നോ മൊബൈലിൽ നിന്നോ വിളിക്കുന്നവർക്ക് 1076 ലേക്ക് നേരിട്ട് വിളിക്കാം. സംസ്ഥാനത്തിന് പുറത്ത് നിന്ന് വിളിക്കുന്നവർ 0471 എന്ന കോഡും രാജ്യത്തിന് പുറത്ത് നിന്ന് വിളിക്കുന്നവർ 91 എന്ന കോഡും ചേർത്താണ് വിളിക്കേണ്ടത്.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ പ്രവർത്തിക്കുന്നു. രണ്ടാം ശനിയാഴ്ചയും പ്രാദേശിക അവധി ദിനങ്ങളിലും പരാതി പരിഹാര സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതികളുടെയും അപേക്ഷയുടെയും തൽസ്ഥിതി 1076 എന്ന നമ്പറിലൂടെ അറിയാൻ കഴിയും. പരാതികളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടാലും സ്വീകരിച്ച നടപടികളിൽ അതൃപ്തി ഉണ്ടെങ്കിലും ഈ നമ്പറിൽ അറിയിച്ചാൽ പരിഹാര നടപടി സ്വീകരിക്കും.

ടോൾ ഫ്രീ നമ്പറിലൂടെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിലേക്ക് ബന്ധപ്പെടുന്നവർക്ക് ഉദ്യോഗസ്ഥരിൽ നിന്ന് ലഭിക്കുന്ന സേവനം സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്താനും സംവിധാനമുണ്ട്. ഫോൺ സംഭാഷണം പൂർത്തിയാകുന്ന മുറയ്ക്ക് വിളിച്ച നമ്പറിലേക്ക് പ്രതികരണം രേഖപ്പെടുത്താനുള്ള ലിങ്ക് സഹിതം എസ്.എം.എസ് ലഭിക്കും. ലിങ്ക് ഉപയോഗിച്ച് അഭിപ്രായവും റാങ്കിങ്ങും രേഖപ്പെടുത്താം. മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സംവിധാനമായ സ്ട്രെയിറ്റ് ഫോർവേഡിൽ നേരിട്ടെത്തിയും പരാതികൾ സമർപ്പിക്കാനും തൽസ്ഥിതി അറിയാനും കഴിയും. നേരിട്ട് സമർപ്പിക്കുന്ന പരാതികൾക്ക് അപ്പോൾ തന്നെ രസീത് ലഭിക്കും.

മാധ്യമപ്രവർത്തനം മഹത്തരമായ തൊഴിൽ: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

നിർഭയവും നിഷ്പക്ഷവുമായ മാധ്യമപ്രവർത്തനം ഭാരതത്തിന്റെ സംസ്കാരത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമാണെന്നും ഈ തൊഴിലിന്റെ പ്രാധാന്യം മാധ്യമപ്രവർത്തകരും ജേർണലിസം വിദ്യാർഥികളും തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

കേരള മീഡിയ അക്കാദമിയുടെ 2018, 2019 വർഷങ്ങളിലെ മാധ്യമ അവാർഡുകളും അക്കാദമിയുടെ 201920 ലെ പി.ജി. ഡിപ്ലോമ കോഴ്സിലെ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകളും കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ. അച്ചടിക്കുന്നതും പ്രക്ഷേപണം ചെയ്യുന്നതുമായ ഓരോ വാക്കിനും വളരെ പ്രാധാന്യമുണ്ട്. തൂലിക എഴുതാനുള്ള ഒരു ഉപകരണം മാത്രമല്ല അത് അറിവിന്റെ ഉറവിടം കൂടിയാണ്. സ്വന്തം താത്പര്യങ്ങൾക്ക് അധീതമായി നിന്ന് വസ്തുതകൾ മനസ്സിലാക്കികൊണ്ടുള്ള റിപ്പോർട്ടിങ്ങ് രീതിയാണ് അവലംബിക്കേണ്ടത്. ക്ലാസുമുറികളും സർവകലാശാലകളും ആശയങ്ങളുടെ വ്യാപാരകേന്ദ്രങ്ങളാണ്. പഠനം ഒരു തുടർപ്രക്രിയയാണ്. ഒരു ധ്യാനം പോലെ തന്നെ അറിവിനെ പിന്തുടരണം. എങ്കിൽ മാത്രമേ സമുന്നതമായ ആശയങ്ങൾ രൂപപ്പെടുത്താൻ സാധിക്കൂ.

ലഭിച്ച അവാർഡുകൾ കൂടുതൽ മഹത്തരമായ നേട്ടങ്ങൾക്ക് മാധ്യമപ്രവർത്തകർക്ക് പ്രചോദനം നൽകുമെന്നും അതോടൊപ്പം അവ കൂടുതൽ ഉത്തരവാദിത്തങ്ങൾ അവാർഡ് ജേതാക്കൾക്ക് നൽകുന്നുവെന്നും ഗവർണർ പറഞ്ഞു.

ചടങ്ങിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾ സ്ത്രീധനവിരുദ്ധ പ്രതിജ്ഞ ഗവർണർക്ക് ഒപ്പിട്ടു നൽകി. എം. വിൻസന്റ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി കല. കെ, മാധ്യമ നിരീക്ഷകൻ ഡോ. സെബാസ്റ്റ്യൻ പോൾ, യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോം, അക്കാദമി വൈസ് ചെയർമാൻ ദീപു രവി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഡോ. എം. ശങ്കർ എന്നിവർ പങ്കെടുത്തു.

കെ.ആർ.ഡബ്ല്യു.എസ്.എ അന്യത്രസേവന നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതിയുടെ (കെ.ആർ.ഡബ്ല്യു.എസ്.എ) ഇടുക്കി, മലപ്പുറം റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഓഫീസുകളിൽ റീജിയണൽ പ്രോജക്ട് ഡയറക്ടർ, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കാം. റീജിയണൽ പ്രോജക്ട് ഡയറക്ടറുടെ ഒരു ഒഴിവാണുള്ളത്. ഇടുക്കിയിലാണ് ഒഴിവ്. 10 വർഷം ഗ്രാമീണ വികസനം അല്ലെങ്കിൽ ജലവിതരണ മേഖലയിൽ ജോലി ചെയ്തിട്ടുള്ള പ്രവർത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. സാമൂഹ്യ അടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾ/ പ്രോജക്ട് മാനേജ്മെന്റ് എന്നിവയിലുള്ള അഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യം. സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സീനിയർ എക്സിക്യൂട്ടീവ് എൻജിനിയർ/ ഡെപ്യൂട്ടി ഡവലപ്പെമെന്റ് കമ്മീഷണർ തസ്തികയിൽ കുറയാത്ത റാങ്കിൽ ജോലിചെയ്യുന്നവർക്ക് അപേക്ഷിക്കാം. ഇടുക്കി, മലപ്പുറം ജില്ലകളിലാണ് അക്കൗണ്ട്സ് ഓഫീസർ ഒഴിവ്.

സർക്കാർ/ അർദ്ധസർക്കാർ/ മറ്റു പൊതുമേഖല സ്ഥാപനങ്ങൾ/ സെക്രട്ടേറിയറ്റ് ഫിനാൻസ് എന്നിവയിൽ അക്കൗണ്ട്സ് ഓഫീസർ റാങ്കിലോ തത്തുല്യ തസ്തികയിലോ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. അക്കൗണ്ട്സ് വിഭാഗത്തിൽ എട്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം ഉണ്ടായിരിക്കണം. വിദേശ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന വികസന പദ്ധതികളിൽ കമ്പ്യൂട്ടർ അടിസ്ഥാനത്തിലുള്ള സാമ്പത്തിക/ അക്കൗണ്ട്സ് പരിപാലനത്തിലുള്ള അഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യം. വിശദവിവരങ്ങൾക്ക്: www.jalanidhi.kerala.gov.in. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20 വൈകുന്നേരം അഞ്ച് മണി.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ സെക്യൂരിറ്റി ഓഫീസർ, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ക്ലിനിക്കൽ സർവീസ്), അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ജനുവരി 12ന് വൈകിട്ട് മൂന്നു വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

റാങ്ക് പട്ടിക റദ്ദാക്കി

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ വർക്ക് സൂപ്പർവൈസർ (കാറ്റഗറി നമ്പർ 226/ 2016) തസ്തികയുടെ 737/ 2018 ആർഒക്യു നമ്പർ റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനാൽ റദ്ദാക്കിയതായി പിഎസ്സി മേഖലാ ഓഫീസർ അറിയിച്ചു.

സംസ്ഥാനത്തെ വിവിധ വകുപ്പ് സെക്രട്ടറിമാരുടെ യോഗം പിണറായി വിജയന്റെ അധ്യക്ഷതയിൽ നടക്കുന്നു

സംസ്ഥാന ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് നീതി ആയോഗ് പുറത്തിറക്കി

201920 ലെ സംസ്ഥാന ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് നീതി ആയോഗ് ഇന്ന് പുറത്തിറക്കി.

2018 19 മുതൽ 2019 20 വരെയുള്ള കാലയളവിൽ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ആരോഗ്യ മേഖലയിൽ വർഷാവർഷം കാഴ്ച വയ്ക്കുന്ന പ്രകടന മികവും മൊത്തത്തിലുള്ള പ്രകടനവും കണക്കിലെടുത്താണ് റാങ്കിങ് നടത്തുന്നത്.

ലോകബാങ്കിന്റെ സാങ്കേതിക സഹായത്തോടെയും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവുമായി കൂടിയാലോചിച്ചും ആണ് നീതി ആയോഗ് റിപ്പോർട്ട് തയ്യാറാക്കിയത്.

'ആരോഗ്യ ഫലങ്ങൾ', 'ഭരണവും വിവരങ്ങളും', 'പ്രധാന ഇൻപുട്ടുകൾ / പ്രക്രിയകൾ' എന്നീ മേഖലകളിലായി തരംതിരിച്ച 24 സൂചകങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ വെയ്റ്റഡ് കോമ്പോസിറ്റ് ഇൻഡക്സ് ആണ് സംസ്ഥാന ആരോഗ്യ സൂചിക.

സമാന സ്വഭാവമുള്ള സംസ്ഥാനകേന്ദ്രഭരണപ്രദേശങ്ങൾ തമ്മിലുള്ള താരതമ്യം ഉറപ്പാക്കാൻ 'വലിയ സംസ്ഥാനങ്ങൾ', 'ചെറിയ സംസ്ഥാനങ്ങൾ', 'കേന്ദ്ര ഭരണ പ്രദേശങ്ങൾ' എന്നിങ്ങനെ തരംതിരിച്ചാണ് റാങ്കിങ് നടത്തിയിരിക്കുന്നത്

'വലിയ സംസ്ഥാനങ്ങളിൽ', വാർഷികാടിസ്ഥാനത്തിലുള്ള മെച്ചപ്പെട്ട പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തർപ്രദേശ്, അസം, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ആദ്യ മൂന്ന് റാങ്കുകൾ നേടി.

'ചെറിയ സംസ്ഥാനങ്ങളിൽ', മിസോറാമും മേഘാലയയും വാർഷികാടിസ്ഥാനത്തിൽ മെച്ചപ്പെട്ട പ്രകടനം രേഖപ്പെടുത്തി.

കേന്ദ്രഭരണ പ്രദേശങ്ങളിൽ, ഡൽഹിയും ജമ്മു കശ്മീരും വാർഷികാടിസ്ഥാനത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു.

201920 ലെ സംയോജിത സ്കോർ അടിസ്ഥാനമാക്കിയുള്ള സൂചിക പ്രകാരം, ഓവറോൾ റാങ്കിംഗിൽ, 'വലിയ സംസ്ഥാനങ്ങളിൽ' കേരളവും തമിഴ്നാടും, 'ചെറിയ സംസ്ഥാനങ്ങളിൽ' മിസോറാമും ത്രിപുരയും, കേന്ദ്രഭരണ പ്രദേശങ്ങളിൽ ദദ്രാനഗർ ഹവേലി ആൻഡ് ദാമൻ ദ്യൂ, ചണ്ഡീഗഢ് എന്നിവയും മികച്ച റാങ്കിംഗ് നേടി.

2017 മുതൽ സൂചിക സമാഹരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു. ശക്തമായ ആരോഗ്യ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിനും സേവനവിന്യാസം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും പ്രേരിപ്പിക്കുകയാണ് റിപ്പോർട്ടിന്റെ ലക്ഷ്യം.

ഒമിക്രോൺ; ജാഗ്രത പാലിക്കണം

ഒമിക്രോൺ വകഭേദം വ്യാപിക്കുന്നതിനുള്ള സാധ്യതകൾ ഒഴിവാക്കാൻ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ: ബിന്ദു മോഹൻ പറഞ്ഞു. ഒമിക്രോൺ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർ നിർദ്ദേശിക്കപ്പെട്ട പ്രോട്ടോക്കോൾ കൃത്യമായും പാലിക്കണം. ഏഴ് ദിവസം വീട്ടിൽ ക്വാറന്റയിനിൽ കഴിയണം. എട്ടാം ദിവസം ടെസ്റ്റ് ചെയ്ത് നെഗറ്റീവ് ആയാൽ തുടർന്നുള്ള ഏഴ് ദിവസം കൂടി സ്വയം നിരീക്ഷണം നടത്തണം. ഒമിക്രോൺ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത രാജ്യങ്ങളിൽ നിന്നു വരുന്നവരും പതിനാല് ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയണം. രോഗലക്ഷണം കണ്ടാൽ തൊട്ടടുത്ത ആശുപത്രിയിലോ പ്രാഥമിക ചികിത്സാകേന്ദ്രത്തിലോ വിവരം അറിയിച്ച് പരിശോധനയ്ക്ക് വിധേയരാകണം.



അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ, അനാഥാലയങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ അവയുടെ ചുമതലക്കാർ രോഗബാധ തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കോവിഡ് പ്രതിരോധ കുത്തിവെയ്പ്പ് പൂർത്തിയാക്കാത്ത എല്ലാവരും ഉടൻ കുത്തിവെയ്പ്പ് എടുക്കണം. ഒരു ഡോസും എടുക്കാത്തവർ ഒന്നാം ഡോസും രണ്ടാം ഡോസിന് സമയമായവർ അതും എത്രയും വേഗം എടുക്കണം. കോവിഡ് വ്യാപനം തടയുന്നതിനും ഒമിക്രോൺ വ്യാപിക്കാതിരിക്കാനും സാമൂഹിക അകലം പാലിക്കുന്നതടക്കമുള്ള മുൻകരുതലുകൾ വേണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു.

11,000 കോടി രൂപയുടെ ജലവൈദ്യുത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും

ഹിമാചൽ പ്രദേശിലെ മാണ്ഡിയിൽ ഹിമാചൽ പ്രദേശ് ആഗോള നിക്ഷേപക സംഗമത്തിന്റെ രണ്ടാം പ്രാരംഭ പ്രവർത്തന ചടങ്ങിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അദ്ധ്യക്ഷത വഹിച്ചു. ഏകദേശം 28,000 കോടി രൂപയുടെ പദ്ധതികളിലൂടെ ഈ മേഖലയിലെ നിക്ഷേപത്തിന് സംഗമം ഉത്തേജനം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം11,000 കോടി രൂപയുടെ ജലവൈദ്യുത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. രേണുകാജി അണക്കെട്ട് പദ്ധതി, ലുഹ്രി ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ടം, ധൗലസിദ്ധ് ജലവൈദ്യുത പദ്ധതി എന്നിവയാണ് ജലവൈദ്യുത പദ്ധതികളിൽ ചിലത്. സാവ്രകുഡ്ഡു ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ഹിമാചൽ പ്രദേശ് ഗവർണർ, ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി ശ്രീ ജയ് റാം താക്കൂർ, കേന്ദ്ര മന്ത്രി ശ്രീ അനുരാഗ് സിംഗ് താക്കൂർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സമ്മേളനത്തെ അഭിസംബോധന ചെയ്തവെ, ഹിമാചൽ പ്രദേശുമായുള്ള വൈകാരിക ബന്ധം അനുസ്മരിച്ച പ്രധാനമന്ത്രി, തന്റെ ജീവിതത്തിൽ ഈ സംസ്ഥാനവും മലനിരകളും വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും പറഞ്ഞു. നാല് വർഷത്തെ ഇരട്ട എഞ്ചിൻ ഗവൺമെന്റിന് ഹിമാചൽ പ്രദേശിലെ ജനങ്ങളെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു. ഈ നാല് വർഷത്തിനുള്ളിൽ, സംസ്ഥാനം മഹാമാരി വെല്ലുവിളിയെ അഭിമുഖീകരിക്കുകയും വികസനത്തിന്റെ ഉയരങ്ങൾ കീഴടക്കുകയും ചെയ്തതായി പ്രധാനമന്ത്രി പറഞ്ഞു. "ഹിമാചൽ പ്രദേശിലെ ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജയ് റാം ജിയും അദ്ദേഹത്തിന്റെ ശുഷ്കാന്തിയുള്ള സംഘവും ഒരു സാദ്ധ്യതയും ഉപേക്ഷിച്ചില്ല", പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

രാജ്യത്തെ ജനങ്ങളുടെ ജീവിതം സുഗമമാക്കുന്നതാണ് പ്രഥമ പരിഗണന നൽകുന്ന കാര്യങ്ങളിലൊന്നെന്നും വൈദ്യുതി ഇതിൽ വലിയ പങ്കുവഹിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. പരിസ്ഥിതി സൗഹൃദ വികസനത്തിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണ് ഇന്ന് ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ. "ഗിരി നദിയിലെ ശ്രീ രേണുകാജി അണക്കെട്ട് പദ്ധതി പൂർത്തിയാകുമ്പോൾ വലിയൊരു പ്രദേശത്തിന് നേരിട്ട് പ്രയോജനം ലഭിക്കും. ഈ പദ്ധതിയിൽ നിന്ന് എന്ത് വരുമാനം ഉണ്ടായാലും അതിന്റെ വലിയൊരു ഭാഗം ഇവിടുത്തെ വികസനത്തിനും ചെലവഴിക്കും", പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

നവ ഇന്ത്യയുടെ മാറിയ പ്രവർത്തന ശൈലി പ്രധാനമന്ത്രി ആവർത്തിച്ചു. തങ്ങളുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ ഇന്ത്യ കൈവരിക്കുന്നതിന്റെ വേഗതയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. "2030 ഓടെ നമ്മുടെ സ്ഥാപിത വൈദ്യുതശേഷിയുടെ 40% ഫോസിൽ ഇതര ഊർജ്ജ സ്രോതസുകളിൽ നിന്നാകണമെന്ന് 2016ൽ ഇന്ത്യ ലക്ഷ്യം വച്ചു. എന്നാൽ ഈ വർഷം നവംബറിൽ തന്നെ ആ ലക്ഷ്യം കൈവരിക്കാനായതിൽ ഓരോ ഇന്ത്യാക്കാരനും ഇന്ന് അഭിമാനിക്കുകയാണ്". അദ്ദേഹം സൂചിപ്പിച്ചു. പ്രധാനമന്ത്രി തുടർന്നു," പരിസ്ഥിതി സംരക്ഷിക്കുന്നതിനൊപ്പം നമ്മുടെ രാജ്യം എങ്ങനെ വികസനം ത്വരിതപ്പെടുത്തുന്നു എന്നതിന് ലോകം മുഴുവൻ ഇന്ത്യയെ പ്രശംസിക്കുകയാണ്. സൗരോർജ്ജം മുതൽ ജലവൈദ്യുതി വരെ, പവനോർജ്ജം മുതൽ ഹരിത ഹൈഡ്രജൻ വരെ, പുനരുപയോഗ ഊർജത്തിന്റെ എല്ലാ വിഭവങ്ങളും പൂർണ്ണമായി ഉപയോഗിക്കുന്നതിന് രാജ്യം നിരന്തരമായി പ്രവർത്തിക്കുകയാണ്", പ്രധാനമന്ത്രി അറിയിച്ചു.

ഏകോപയോഗ പ്ലാസ്റ്റിക് നിർമാർജ്ജനം എന്ന തന്റെ വിഷയത്തിലേക്ക് പ്രധാനമന്ത്രി മടങ്ങിവന്നു. പ്ലാസ്റ്റിക്ക് മൂലം മലനിരകൾക്കുണ്ടാകുന്ന നാശത്തെക്കുറിച്ച് ഗവൺമെന്റ് ജാഗരൂകമാണെന്ന് അദ്ദേഹം പറഞ്ഞു. ഏകോപയോഗ പ്ലാസ്റ്റിക്കിനെതിരെ രാജ്യവ്യാപകമായി നടത്തുന്ന സംഘടനപ്രവർത്തനത്തിനൊപ്പം പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിലും സർക്കാർ പ്രവർത്തിക്കുന്നുണ്ട്. "ഹിമാചൽ ശുചിയായി പ്ലാസ്റ്റിക്കിൽ നിന്നും മറ്റ് മാലിന്യങ്ങളിൽ നിന്നും മുക്തമായി സൂക്ഷിക്കുന്നതിൽ വിനോദസഞ്ചാരികൾക്കും വലിയ ഉത്തരവാദിത്തമുണ്ട്. പ്ലാസ്റ്റിക് എല്ലായിടത്തും വ്യാപിക്കുകയാണ്, പ്ലാസ്റ്റിക് നദികളിലേക്ക് പോകുകയാണ്, ഹിമാചലിന് അത് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയാൻ നമ്മൾ ഒരുമിച്ച് ശ്രമിക്കേണ്ടതുണ്ട്" പെരുമാറ്റത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകതയെ സ്പർശിച്ചുകൊണ്ട് ശ്രീ മോദി പറഞ്ഞു.

ഹിമാചൽ പ്രദേശിലെ ഫാർമസ്യൂട്ടിക്കൽ മേഖലയുടെ വളർച്ചയെ പ്രധാനമന്ത്രി പ്രശംസിച്ചു. "ഇന്ത്യയെ ഇന്ന് ലോകത്തിന്റെ ഫാർമസി എന്ന് വിളിക്കുന്നുവെങ്കിൽ, അതിന് പിന്നിലെ ശക്തി ഹിമാചൽ പ്രദേശാണ്. കൊറോണ ആഗോള മഹാമാരിയുടെസമയത്ത് ഹിമാചൽ പ്രദേശ് മറ്റ് സംസ്ഥാനങ്ങളെ മാത്രമല്ല മറ്റ് രാജ്യങ്ങളെയും സഹായിച്ചിട്ടുണ്ട്" അദ്ദേഹം പറഞ്ഞു. "പ്രായപൂർത്തിയായ തങ്ങളുടെ മുഴുവൻ പൗരന്മാർക്കും വാക്സിൻ നൽകുന്നതിൽ ഹിമാചൽ ബാക്കിയുള്ളവരെ നിഷ്പ്രഭരാക്കി. ഇവിടെ ഗവൺമെന്റിലുള്ളവർ രാഷ്ട്രീയ സ്വാർത്ഥതയിൽ മുങ്ങിയിട്ടില്ല, മറിച്ച് ഹിമാചലിലെ ഓരോ പൗരനും എങ്ങനെ വാക്സിൻ ലഭ്യമാക്കാം എന്നതിലാണ് തങ്ങളുടെ മുഴുവൻ ശ്രദ്ധയും അർപ്പിച്ചിരിക്കുന്നത്" സംസ്ഥാനത്തിന്റെ മികച്ച പ്രകടനത്തെ പരാമർശിച്ച് പ്രധാനമന്ത്രി പറഞ്ഞു.

പെൺകുട്ടികളുടെ വിവാഹപ്രായം മാറ്റാനുള്ള ഗവണ്മെന്റിന്റെ സമീപകാല തീരുമാനം പ്രധാനമന്ത്രി ആവർത്തിച്ചു. " ആൺമക്കളെ വിവാഹം കഴിയ്ക്കാൻ അനുവദിക്കുന്ന അതേ പ്രായമായിരിക്കണം നമ്മുടെ പെൺമക്കളുടെ വിവാഹ പ്രായവും എന്ന് ഞങ്ങൾ തീരുമാനിച്ചു. പെൺമക്കളുടെ വിവാഹപ്രായം 21 വയസ്സായി ഉയർത്തുമ്പോൾ അവർക്ക് പഠിക്കാൻ പൂർണ്ണസമയം ലഭിക്കുകയും അവർക്ക് അവരുടെ ജീവിതഗതി ഉണ്ടാക്കാൻ സാധിക്കുകയും ചെയ്യും", പ്രധാനമന്ത്രി പറഞ്ഞു. പുതിയ വാക്സിനേഷൻ വിഭാഗങ്ങൾ സംബന്ധിച്ച അടുത്തിടെ നടത്തിയ പ്രഖ്യാപനങ്ങളെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. എല്ലാ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് അതീവ ജാഗ്രതയോടെയും മുൻകരുതലോടെയുമാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ 15നും 18നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പോലും ജനുവരി 3 മുതൽ കുത്തിവയ്പ്പ് നൽകാനാണ് ഗവണ്മെന്റ് തീരുമാനം. കഴിഞ്ഞ രണ്ട് വർഷമായി കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ നമ്മുടെ ആരോഗ്യ മേഖലയിലെ ആളുകൾ, മുൻനിര പോരാളികൾ ഒക്കെയാണ് രാജ്യത്തിന്റെ ശക്തിയായി നിലകൊണ്ടതെന്ന് പ്രധാനമന്ത്രി പറഞ്ഞു. അവർക്ക് മുൻകരുതൽ ഡോസ് നൽകുന്ന പ്രവർത്തിയും ജനുവരി 10 മുതൽ ആരംഭിക്കും.

ഗുരുതരമായ രോഗങ്ങളുള്ള 60 വയസ്സിനു മുകളിലുള്ള മുതിർന്നവർക്കും ഡോക്ടർമാരുടെ ഉപദേശപ്രകാരം മുൻകരുതൽ ഡോസിനുള്ള സാദ്ധ്യത നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് (എല്ലാവർക്കും ഒപ്പം, എല്ലാവരുടെയും വികസനം, എല്ലാവരുടെയും വിശ്വാസം, എല്ലാവരുടെയും പരിശ്രമം) എന്നീ മന്ത്രങ്ങളുമായി പ്രവർത്തിക്കാൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി . "ഓരോ രാജ്യത്തിനും വ്യത്യസ്ത ആശയങ്ങളുണ്ട്, എന്നാൽ ഇന്ന് നമ്മുടെ രാജ്യത്തെ ജനങ്ങൾ രണ്ട് പ്രത്യയശാസ്ത്രങ്ങളെ വ്യക്തമായി കാണുന്നു. കാലതാമസത്തിന്റെ ഒരു പ്രത്യയശാസ്ത്രവും വികസനത്തിന്റെ മറ്റൊന്നുമാണത്. കാലതാമസത്തിന്റെ പ്രത്യയശാസ്ത്രമുള്ളവർ ഒരിക്കലും മലകളിൽ താമസിക്കുന്ന ജനങ്ങളെക്കുറിച്ച് ശ്രദ്ധിച്ചിട്ടില്ല", അദ്ദേഹം പറഞ്ഞു.

കാലതാമസത്തിന്റെ ആശയങ്ങൾ ഹിമാചലിലെ ജനങ്ങളെ പതിറ്റാണ്ടുകൾ കാത്തിരിക്കാൻ പ്രേരിപ്പിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇതുമൂലം അടൽ തുരങ്കത്തിന്റെ പണിയിൽ വർഷങ്ങളോളം കാലതാമസമുണ്ടായി. രേണുക പദ്ധതിയും മൂന്ന് പതിറ്റാണ്ട് വൈകി. ഗവൺമെന്റിന്റെ പ്രതിബദ്ധത വികസനത്തിൽ മാത്രമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. അടൽ ടണലിന്റെ പണി പൂർത്തിയായതായും ചണ്ഡീഗഢിനെ മണാലിയും ഷിംലയുമായും ബന്ധിപ്പിക്കുന്ന റോഡ് വീതി കൂട്ടിയതായും അദ്ദേഹം പറഞ്ഞു. നിരവധി പ്രതിരോധ ഉദ്യോഗസ്ഥരുടെ നാടാണ് ഹിമാചൽ പ്രദേശ്. പ്രതിരോധ ഉദ്യോഗസ്ഥരുടെയും വിമുക്ത ഭടന്മാരുടെയും ക്ഷേമത്തിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികളിൽ പ്രധാനമന്ത്രി സ്പർശിച്ചു. "ഹിമാചൽ പ്രദേശിലെ ഓരോ വീട്ടിലും രാജ്യത്തെ സംരക്ഷിക്കുന്ന ധീരരായ പുത്രന്മാരും പുത്രിമാരും ഉണ്ട്. കഴിഞ്ഞ ഏഴു വർഷമായി രാജ്യത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കാൻ ഞങ്ങളുടെ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളും, സൈനികർ, വിമുക്തഭടന്മാർ എന്നിവർക്കായി എടുത്ത തീരുമാനങ്ങളും ഹിമാചലിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്തു", അദ്ദേഹം പറഞ്ഞു.

ഏഴാച്ചേരിക്ക് ആദരവും പുസ്തക പ്രകാശനവും ഇന്ന്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വെർജീനിയൻ ദിനങ്ങൾ', ശാസ്താംകോട്ട ഡി. ബി കോളെജ് മുൻ പ്രിൻസിപ്പലും എഴുത്തുകാരനുമായ ഡോ. സി. ഉണ്ണികൃഷ്ണൻ സമ്പാദനം ചെയ്ത 'ഏഴാച്ചേരി കലഹകലയുടെ ഗന്ധമാദനം', എന്നീ പുസ്തകങ്ങളുടെ പ്രകാശനവും ഏഴാച്ചേരിക്ക് ആദരവും ഇന്ന് (ഡിസംബർ 28ന്) വൈകിട്ട് മൂന്നിന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ നിർവഹിക്കും. കവി പ്രഭാവർമ പുസ്തകങ്ങൾ ഏറ്റുവാങ്ങും. വയലാർ അവാർഡ് ലഭിച്ച ഒരു വെർജീനിയൻ വെയിൽക്കാലം എന്ന കൃതിയുടെ രചയിതാവ് കൂടിയായ കവി ഏഴാച്ചേരി രാമചന്ദ്രനെ മന്ത്രി ആദരിക്കും.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ എ.സി. ഹാളിൽ നടക്കുന്ന പ്രകാശനത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി.കാർത്തികേയൻ നായർ അധ്യക്ഷത വഹിക്കും. ഡോ. എം. എ. സിദ്ദീഖ് പുസ്തകപരിചയം നടത്തും. സാഹിത്യ അക്കാദമി നിർവാഹക സമിതിയംഗം പ്രൊഫ. വി.എൻ.മുരളി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ വിനോദ് വൈശാഖി എന്നിവർ ആശംസാപ്രസംഗം നടത്തും.

ഏഴാച്ചേരി രാമചന്ദ്രൻ മറുവാക്കും ഡോ.സി. ഉണ്ണികൃഷ്ണൻ മറുമൊഴിയും നടത്തും.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ ഡോ. അപർണ. എസ്. കുമാർ സ്വാഗതം പറയും.

മുഖ്യമന്ത്രിയുടെ പ്രസ്താവന കുറ്റബോധം കൊണ്ടെന്ന് ഉമ്മൻചാണ്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് ഏതെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്പോൾ അതിനെ എതിർക്കാൻ ചിലർ വരുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന കുറ്റബോധം മൂലം ഉണ്ടായതാണെന്നു മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കന്പ്യൂട്ടർ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പാടത്ത് ട്രാക്ടർ ഇറക്കിയപ്പോഴും തുടങ്ങി 'ഗെയിൽ പൈപ്പ് ലൈൻ' സ്ഥാപിക്കുന്പോൾ വരെ അക്രമാസക്തമായ സമരത്തിലൂടെ അതിനെ അട്ടിമറിക്കാൻ ശ്രമിച്ച സിപിഎം നേതൃത്വത്തിനു വൈകി വന്ന വിവേകമാണ് മുഖ്യമന്ത്രിയുടെ ഈ കുന്പസാരത്തിന് കാരണം. ഗെയിൽ പൈപ്പ് ലൈൻ പൂർത്തിയാക്കാൻ സാധിച്ചത് 2021ലാണെന്നും ഇതു പൂർത്തീകരിക്കാൻ എൽഡിഎഫ് സർക്കാർ പരിശ്രമിച്ചുവെന്നതും യാഥാർഥ്യം തന്നെയാണ്. എന്നാൽ ചില സത്യങ്ങൾ മുഖ്യമന്ത്രി മറക്കരുത്. ഗ്യാസ് ലൈൻ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി എഫ്എസിടി, കൊച്ചിൻ റീഫൈനറീസ്, കൊച്ചി സ്പെഷൽ ഇക്കണോമിക് സോൺ, ടിസിസി, നിറ്റജെലാറ്റിൻ എന്നീ സ്ഥാപനങ്ങൾക്കും കൊച്ചി സിറ്റി ഗ്യാസ് പ്രോജക്ടിനും ഗ്യാസ് എത്തിച്ചത് കഴിഞ്ഞ യുഡിഎഫ് സർക്കാരിൻറെ കാലത്തായിരുന്നു.

രണ്ടാംഘട്ടത്തിൻറെ പൈപ്പ് ലൈൻ സ്ഥാപിച്ച് ഉപയോഗിക്കാനുള്ള അവകാശരേഖ, സ്ഥലം അക്വയർ നടപടികൾ പൂർത്തിയാക്കിയതും യുഡിഎഫിൻറെ കാലത്ത് തന്നെ. സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള 28 സ്ഥലങ്ങളിൽ 17 എണ്ണത്തിനുള്ള സ്ഥലവും യുഡിഎഫിൻറെ കാലത്ത് ഏറ്റെടുത്തു. രണ്ടാംഘട്ടത്തിനുള്ള പൈപ്പും മറ്റ് അനുബന്ധ ഉപകരണങ്ങളും എല്ലാം യുഡിഎഫിൻറെ കാലത്തു തന്നെ ഗെയിൽ ലഭ്യമാക്കുകയും ചെയ്തു.

പൈപപ്പ് ലൈൻ സ്ഥാപിക്കാനുള്ള പ്രവർത്തികൾ ആരംഭിച്ചപ്പോൾ അതിനെതിരെ നടന്ന പ്രക്ഷോഭം മൂലമാണ് പദ്ധതി നീണ്ടുപോയത്. ആ സമരത്തിൻറെ മുൻപന്തിയിൽ പല തീവ്രവാദ സംഘടനകളോടൊപ്പം സിപിഎമ്മും ഉണ്ടായിരുന്ന കാര്യം അന്നത്തെ സിപിഎം സംസ്ഥാന സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ എന്ന് ഉമ്മൻ ചാണ്ടി ചോദിച്ചു. എൽഡിഎഫ് സർക്കാരിലെ ഇപ്പോഴത്തെയും കഴിഞ്ഞ കാലത്തെയും മന്ത്രിമാർ വരെ ആ സമരത്തിൻറെ നേതൃരംഗത്ത് ഉണ്ടായിരുന്നു.

ഏതായാലും ഭരണത്തിലേക്കു വന്നപ്പോൾ എൽഡിഎഫിനുണ്ടായ മാറ്റം കേരളത്തിന് ആശ്വാസകരമാണ്. ഒരു റിലേ റേയ്സിൽ ഒരു ടീം വിജയിക്കുന്നതിൻറെ ക്രെഡിറ്റ് അവസാനത്തെ ലാപ് ഓടുന്നവർക്കു മാത്രമല്ല എന്ന യാഥാർഥ്യം അവഗണിക്കരുതെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞു.

ഗസ്റ്റ് അധ്യാപക അഭിമുഖം

ആറ്റിങ്ങൽ സർക്കാർ കോളേജിൽ അറബിക് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായി ഡിസംബർ 29ന് രാവിലെ 11ന് ഓൺലൈൻ അഭിമുഖം നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കൊല്ലം മേഖലാ ഓഫീസിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ കോളേജ് വെബ്സൈറ്റിൽ (https://www.gcatl.ac.in/) കൊടുത്തിട്ടുള്ള ഗസ്റ്റ് ലക്ചറർമാരുടെ അപേക്ഷാ ലിങ്ക് മുഖേന ഡിസംബർ 27 രാത്രി 12 മണിക്കു മുൻപ് ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യണം.

വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ ലഭിക്കും.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് താത്ക്കാലിക നിയമനം

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് താത്ക്കാലിക തസ്തികയിൽ 179 ദിവസത്തേയ്ക്ക് ദിവസ വേതന നിരക്കിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

അംഗീകൃത സർവകലാശാലാ ബിരുദം (എക്കണോമിക്സ്/ കൊമേഴ്സ്/ ഗണിതം/ സ്റ്റാറ്റിസ്റ്റിക്സ്) ആണ് യോഗ്യത.

സ്പ്രെഡ് ഷീറ്റ് ഉപയോഗിച്ച് സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് നടത്താൻ കഴിവുള്ളവർക്കും വെബ് സൈറ്റ് ഡിസൈൻ, ഡേറ്റാബേസ് മാനേജ്മെന്റ് എന്നിവയിൽ വൈദഗ്ധ്യം ഉള്ളവർക്കും മുൻഗണന.

21നും 50നുമിടയിലായിരിക്കണം പ്രായം.

താത്പര്യമുള്ളവർ അപേക്ഷാ ഫോമിന്റെ മാതൃക www.cet.ac.in ൽ നിന്ന് ഡൗൺലോഡ് ചെയ്ത് യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജനുവരി 10ന് വൈകിട്ട് 4നകം പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനിയറിങ് ട്രിവാൻഡ്രം, തിരുവനന്തപുരം16 എന്ന വിലാസത്തിൽ അപേക്ഷ നൽകണം.

കേരള മീഡിയ അക്കാദമിയുടെ മാധ്യമ അവാർഡ് വിതരണം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിൽ ഇന്ന് 1636 പേർക്ക് കോവിഡ്; 2864 പേർക്ക് രോഗമുക്തി 2864 പേർക്ക് രോഗമുക്തി

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 1636 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 344, കോഴിക്കോട് 233, എറണാകുളം 190, കോട്ടയം 130, കണ്ണൂർ 121, പത്തനംതിട്ട 108, തൃശൂർ 107, കൊല്ലം 100, ആലപ്പുഴ 79, ഇടുക്കി 59, മലപ്പുറം 56, കാസർഗോഡ് 42, പാലക്കാട് 39, വയനാട് 28 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 42,149 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,19,025 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,15,182 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 3843 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 132 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 21,224 കോവിഡ് കേസുകളിൽ, 11 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 23 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 213 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 46,822 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 51 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 1484 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 86 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 15 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2864 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 511, കൊല്ലം 114, പത്തനംതിട്ട 100, ആലപ്പുഴ 91, കോട്ടയം 328, ഇടുക്കി 102, എറണാകുളം 460, തൃശൂർ 268, പാലക്കാട് 110, മലപ്പുറം 110, കോഴിക്കോട് 354, വയനാട് 80, കണ്ണൂർ 212, കാസർഗോഡ് 34 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 21,224 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,68,028 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി. പരീക്ഷകൾ മാർച്ച്31 മുതൽ

20212022 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എസ്.എസ്.എൽ.സി. (എച്ച്.ഐ), ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ), എ.എച്ച്.എസ്.എൽ.സി പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2022 മാർച്ച് 31ന് ആരംഭിച്ച് ഏപ്രിൽ 29ന് അവസാനിക്കും. പരീക്ഷാഫീസ് പിഴകൂടാതെ ജനുവരി മൂന്നു മുതൽ 13 വരെയും പിഴയോടുകൂടി ജനുവരി 14 മുതൽ 19 വരെയും പരീക്ഷാകേന്ദ്രങ്ങളിൽ സ്വീകരിക്കും. പരീക്ഷാവിജ്ഞാപനം h-ttp-s://p-ar-e-e-k-sh-a-b-h-av-an.k-er-a-l-a.gov.in ൽ ലഭ്യമാണ്.

സർക്കാർ വകുപ്പുകളിലെ സ്ക്രാപ്പ് നീക്കം ചെയ്യുന്നതിന് നിർദ്ദേശം

എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളും സ്ക്രാപ്പ് ചെയ്ത വാഹനങ്ങൾ/ സാധന സാമഗ്രികൾ M/s M-ST-C വഴി മാത്രമേ വിപണനം ചെയ്യാവൂ എന്ന് ധനവകുപ്പ് നിർദ്ദേശം നൽകി. മറ്റ് മാർഗ്ഗങ്ങളിലൂടെ സാധനങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി തേടണമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു.

ഔദ്യോഗിക ചുമതലകൾക്കും കുടുംബ ഉത്തരവാദിത്തങ്ങൾക്കും തുല്യ പ്രാധാന്യം നൽകുക: ഉപരാഷ്ട്രപതി

തൊഴിൽകുടുംബ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഒരാളുടെ ഔദ്യോഗിക കടമകൾക്കും കുടുംബ ഉത്തരവാദിത്തങ്ങൾക്കും തുല്യ പ്രാധാന്യം നൽകേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ചും ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു ഇന്ന് ഊന്നിപ്പറഞ്ഞു.

ചെന്നൈയിൽ, ശ്രീമതി വി എൽ ഇന്ദിരാ ദത്ത് രചിച്ച 'ഡോ വി എൽ ദത്ത്: ഗ്ലിംപ്സസ് ഓഫ് എ പയനിയേഴ്സ് ലൈഫ് ജേർണി' എന്ന പുസ്തകം പ്രകാശനം ചെയ്ത ശേഷം സദസ്സിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജീവനക്കാർക്ക് അവരുടെ തൊഴിൽകുടുംബ സന്തുലിതാവസ്ഥ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിൽ നയങ്ങൾ രൂപപ്പെടുത്താൻ എല്ലാ ബിസിനസ്സ് നേതാക്കളോടും അദ്ദേഹം അഭ്യർത്ഥിച്ചു. ഇത് ജീവനക്കാരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് മാത്രമല്ല, നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമ്മർദ്ദം വർദ്ധിച്ചുവരുന്ന ഇക്കാലത്ത്, ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികാരോഗ്യത്തിനും പ്രാധാന്യം ഉണ്ടെന്ന് ശ്രീ നായിഡു അഭിപ്രായപ്പെട്ടു. മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മാർഗമായി പ്രകൃതിയോടൊപ്പവും കായിക വിനോദങ്ങളിലും സമയം ചെലവഴിക്കേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം എടുത്തു പറഞ്ഞു.

പുനിത് സാഗർ അഭിയാൻ സൈക്ലോത്തോൺ 30ന് സമാപിക്കും

എൻ.സി.സിയുടെ പുനിത് സാഗർ അഭിയാന്റെ ഭാഗമായി 26ന് വേളി ബീച്ചിൽ നിന്ന് ആരംഭിച്ച 20 പേരടങ്ങുന്ന സംഘത്തിന്റെ സൈക്ലോത്തോൺ 30ന് കോഴിക്കോട് സമാപിക്കും. യാത്രാമധ്യേ കേരളത്തിലെയും ലക്ഷദ്വീപിലേയും വിവിധ എൻ.സി.സി യുണിറ്റുകളിൽ നിന്നുള്ള കേഡറ്റുകളുടെ പങ്കാളിത്തത്തോടെ പത്ത് ബീച്ചുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ബീച്ചുകൾ പ്ലാസ്റ്റിക് മുക്തമാക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ തെരുവ് നാടകങ്ങളും പ്രതിജ്ഞയും സംഘടിപ്പിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം; : മന്ത്രി എം വി ഗോവിന്ദൻമാസ്റ്റർ

തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട്, ഉദ്യോഗസ്ഥ പുനർവിന്യാസത്തെ സംബന്ധിച്ചും സംസ്ഥാന ജില്ലാ ഓഫീസുകളുടെ ഭരണനിർവ്വഹണ ഉത്തരവാദിത്തങ്ങൾ നിശ്ചയിക്കുന്നതിനും ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കുന്നതിനും സജ്ജരാക്കുന്നതിനുമായുള്ള ശിൽപ്പശാല സംഘടിപ്പിക്കുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തലം മുതലുള്ള ഉദ്യോഗസ്ഥർക്കാണ് ജനുവരി ഒന്ന്, രണ്ട് തീയതികളിൽ കൊട്ടാരക്കര സി എച്ച് ആർ ഡിയിൽ ശിൽപ്പശാല നടത്തുക. എല്ലാ വകുപ്പ് തലവൻമാരും ഡെപ്യൂട്ടി ഡയറക്ടർ തലം മുതലുള്ള സീനിയർ ഉദ്യോഗസ്ഥരും ശിൽപ്പശാലയിൽ പങ്കെടുക്കണമെന്ന് മന്ത്രി അറിയിച്ചു.

പങ്കെടുക്കുന്നവരുടെ അന്തിമ ലിസ്റ്റ് 29ന് മുൻപ് ലഭ്യമാക്കണം. യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്ക് പകരം ആളെ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ നിർദ്ദേശിക്കണമെന്ന് മന്ത്രി അറിയിച്ചു.

ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കാസർഗോഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സൂപ്പർവൈസറി കേഡറിൽ ജോലി ചെയ്യുന്ന 43,40092,200 ശമ്പള സ്കെയിലുള്ള ജീവനക്കാർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.എൻ.പാർക്ക്, പൂത്തോൾ.പി.ഒ, പിൻ: 680004, ഫോൺ: 0487 2386871 എന്ന വിലാസത്തിൽ 2022 ജനുവരി 15 നകം ലഭിക്കണം.

ഓട്ടോടാക്സി ചാർജ് വർധന: സംഘടനകളുമായി 29ന് ചർച്ച

ഓട്ടോടാക്സി ചാർജ് വർധിപ്പിക്കുന്നത് സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി ഗതാഗത മന്ത്രി ആന്റണി രാജു 29ന് രാവിലെ 10ന് സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിൽ ചർച്ച നടത്തും.

ഗതാഗത വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുക്കും. ചാർജ് വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങളുന്നയിച്ച് സംഘടനകൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് യോഗം.

വിലക്കയറ്റത്തിന് തടയിടും; പച്ചക്കറി തെങ്കാശിയിൽ നിന്ന് കൊണ്ടുവരുമെന്ന് കൃഷിമന്ത്രി

കോഴിക്കോട്: സംസ്ഥാനത്ത് വിലക്കയറ്റം തടയുന്നതിൻറെ ഭാഗമായി വ്യാഴാഴ്ച മുതൽ തെങ്കാശിയിലെ കർഷകരിൽ നിന്ന് നേരിട്ട് പച്ചക്കറി എത്തിക്കുമെന്ന് കൃഷിമന്ത്രി പി.പ്രസാദ്. ഇടത്തട്ടുകാരില്ലാതെയാണ് പച്ചക്കറി എത്തിക്കുകയെന്ന് മന്ത്രി കോഴിക്കോട്ട് മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

കർഷക ഗ്രൂപ്പുകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തമിഴ്നാടുമായി കരാർ ഉറപ്പിച്ചു. നേരിട്ട് ശേഖരിക്കുന്നതിനാൽ ചൂഷണം ഉണ്ടാവില്ല. പച്ചക്കറി വിലക്കയറ്റം തടയാൻ സർക്കാർ നടപടിയെടുത്തുവരികയാണെന്നു മന്ത്രി പറഞ്ഞു.

10 ടൺ തക്കാളി ആന്ധ്രയിൽ നിന്ന് തിരുവനന്തപുരത്ത് എത്തിച്ചിട്ടുണ്ട്. തക്കാളി കൊണ്ടുവരുന്നതിനു ആന്ധ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്. 70 ടൺ പച്ചക്കറി പ്രതിദിനം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നുണ്ട്. നമുക്കാവശ്യമായ പച്ചക്കറി നമ്മൾ തന്നെ ഉത്പാദിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

സീറ്റൊഴിവ്

ഭാരത് ഹിന്ദി പ്രചാരകേന്ദ്രത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ടീച്ചർ എഡ്യൂക്കേഷൻ നടത്തുന്ന ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അടൂർ സെന്ററിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. പി.എസ്.സി അംഗീകരിച്ച കോഴ്സിന് എസ്.എസ്.എൽ.സിയും, 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടുകൂടിയുള്ള പ്ലസ് ടു പാസായവർക്കും അപേക്ഷിക്കാം. ഭൂഷൺ, സാഹിത്യവിശാരദ്, പ്രവീൺ, സാഹിത്യാചാര്യ, ഹിന്ദി ബി.എ, എം.എ എന്നിവയും പരിഗണിക്കും. 17 നും 35 ഇടയ്ക്ക് പ്രായം ഉണ്ടായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി പട്ടികവർഗക്കാർക്ക് അഞ്ച് വർഷം, മറ്റു പിന്നാക്കക്കാർക്ക് മൂന്ന് വർഷവും ഇളവ് അനുവദിക്കും.

ഈഗ്രാന്റ് വഴി പട്ടികജാതി, മറ്റർഹ വിഭാഗത്തിന് ഫീസ് സൗജന്യം ഉണ്ടായിരിക്കും. അവസാന തീയതി ഡിസംബർ 31. പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട. 04734296496, 8547126028.

അവയവദാന പ്രസക്തിയെക്കുറിച്ച് ബോധവത്കരിക്കാൻ മഹാരാഷ്ട്ര ദമ്പതികൾ

തിരുവനന്തപുരം: അവയവദാനത്തിൻറെ പ്രസക്തിയെക്കുറിച്ച് രാജ്യമെമ്പാടും ബോധവത്കരിക്കാൻ തീരുമാനിച്ചിറങ്ങിയിരിക്കുകയാണ് മഹാരാഷ്ട്ര സ്വദേശികളായ ബാൽശേഖർ ചിപാനനമിതാദത്ത ദമ്പതികൾ. സ്വന്തം മകൾക്ക് വൃക്കമാറ്റിവയ്ക്കേണ്ടിവന്നപ്പോൾ അനുഭവിച്ച ബുദ്ധിമുട്ടുകളാണ് ബോധവത്കരണയജ്ഞത്തിന് പ്രേരിപ്പിച്ചത്. അവയവദാന ബോധവത്കരണത്തിനായി 22,500 കിലോമീറ്റർ താണ്ടി 28 സംസ്ഥാനങ്ങളിലെ 131 നഗരങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും സന്ദർശിക്കും. ഡിസംബർ 10ന് ആരംഭിച്ച യാത്ര ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കും. യാത്രയുടെ ഭാഗമായി തിങ്കൾ രാവിലെ മെഡിക്കൽ കോളേജിലെ മൃതസഞ്ജീവനി ഓഫീസ് സന്ദർശിച്ചു. പാൻ ഇന്ത്യ റോഡ് ട്രിപ്പ് എന്ന പേരിൽ അവയവദാന ക്യാമ്പയിൻ നടത്തുന്നതിന് ദമ്പതികൾ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ദി കോസ് ട്രാവലേഴ്സ് സോഷ്യൽ വെൽഫെയർ ഓർഗനൈസേഷൻ എന്ന സംഘടനയുടെ പ്രസിഡൻറുകൂടിയാണ് ബാൽശേഖർ ചിപാന. ഈ സംഘടനയുടെ സഹകരണത്തോടെയാണ് ദമ്പതികൾ അവയവദാന സന്ദേശയാത്ര നടത്തുന്നത്. സംസ്ഥാന സർക്കാരിൻറെ അവയവദാനപദ്ധതിയായ മൃതസഞ്ജീവനി നടത്തുന്ന മഹത് പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ ബാൽശേഖറും നമിതാദത്തയും മെഡിക്കൽ കോളേജിലെ ഓഫീസിലെത്തുകയും അതിൻറെ പ്രവർത്തനരീതികളെക്കുറിച്ച് ആരായുകയും ചെയ്തു. മൃതസഞ്ജീവനി സംസ്ഥാന നോഡൽ ഓഫീസർ ഡോ നോബിൾ ഗ്രേഷ്യസ് സംസ്ഥാന സർക്കാരിൻറെ മസ്തിഷ്കമരണാനന്തര അവയവദാന പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് ഇരുവർക്കും അവയവദാനകാർഡ് നൽകി. മൃതസഞ്ജീവനിയുടെ പ്രോജക്ട് മാനേജർ ശരണ്യ, ട്രാൻസ്പ്ലാൻറ് കോ ഓർഡിനേറ്റർ അനീഷ് എന്നിവരും ഒപ്പമുണ്ടായിരുന്നു.

ബാൽശേഖർചിപാനനമിതാദത്ത ദമ്പതികൾക്ക് ഡോ നോബിൾ ഗ്രേഷ്യസ് അവയവദാനകാർഡ് നൽകുന്നു

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.